**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2091** **30-09-2025 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണം കാര്യക്ഷമതയോടെയും വേഗത്തിലുമാക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്ന പദ്ധതി സി എം ഒ പോർട്ടൽ മുഖേന സുഗമവും സുതാര്യവുമായി നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷ സമർപ്പണം മുതൽ തുക അനുവദിക്കൽ വരെയുള്ള എല്ലാ നടപടികളും പൂർണ്ണമായും ഓൺലൈനായിട്ടാണ് ചെയ്യുന്നത്. അപേക്ഷകർക്ക് നേരിട്ടോ ഓൺലൈനായോ അപേക്ഷ നൽകാവുന്നതാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് DBT സംവിധാനം മുഖേനയാണ് തുക വിതരണം ചെയ്യുന്നത്.<br><br>ഒന്നിലധികം അപേക്ഷ സമർപ്പിച്ചാൽ അവ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം, അപേക്ഷയുടെ ഓരോ നീക്കവും അപേക്ഷകനെ അറിയിച്ചു കൊണ്ടുള്ള SMS സംവിധാനം, അപേക്ഷന് ലഭ്യമായ Docket നമ്പർ ഉപയോഗിച്ച് ഏത് സമയത്തും cmo.kerala.gov.in എന്ന വെബ് സൈറ്റ് വഴി അപേക്ഷയുടെ തൽസ്ഥിതി അറിയാനുള്ള സംവിധാനം, അപേക്ഷ സമർപ്പണത്തിനായി മുഖ്യമന്ത്രിയുടെ ഓഫീസ്, റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസ്, MLA/MP, അക്ഷയ കേന്ദ്രങ്ങൾ എന്നിവർക്കായി പ്രത്യേക ലോഗിൻ സംവിധാനം, പൊതു ജനങ്ങൾക്ക് സ്വന്തമായി ഓൺലൈൻ അപേക്ഷ സമർപ്പിക്കാനായി പൊതുവായ ലോഗിൻ സംവിധാനം, അപേക്ഷകളുടെ തീർപ്പ് നിരീക്ഷിക്കാനായി താലൂക്ക്, കളക്ടറേറ്റ്, റവന്യൂ വകുപ്പ്, റവന്യൂ വകുപ്പ് മന്ത്രിയുടെ ഓഫീസ്, മുഖ്യമന്ത്രിയുടെ ഓഫീസ് എന്നിവിടങ്ങളിൽ ഡാഷ് ബോർഡ് സംവിധാനം, അപേക്ഷയിൽ ഏതെങ്കിലും രേഖകളുടെ കുറവുണ്ടായാൽ അപേക്ഷകനെ ആ വിവരം അറിയിക്കുന്നതിനായി വില്ലേജ് തലത്തിൽ SMS സംവിധാനം, മെഡിക്കൽ സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്ന ഡോക്ടറുടെ ആധികാരികത പരിശോധിക്കാനായി ഡോക്ടർമാരുടെ രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കൗൺസിൽ ഡാറ്റാബേസുമായി ബന്ധിപ്പിച്ച് വില്ലേജ് തലത്തിൽ പരിശോധന നടത്താനുള്ള സംവിധാനം തുടങ്ങിയ സവിശേഷതകൾ ഏർപ്പെടുത്തിയിട്ടുണ്ട്. മാസംതോറും വില്ലേജ് - താലൂക്ക് - ജില്ലാ തലത്തിലും സർക്കാർ തലത്തിലും അവലോകന യോഗം ചേർന്ന് തീർപ്പാക്കൽ പുരോഗതി വിലയിരുത്തുകയും തുടർ നടപടികൾക്കായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ എത്ര പേർക്ക് തുക അനുവദിച്ചുവെന്നും 2016 മുതൽ 2021 വരെയും 2011 മുതൽ 2016 വരെയും ഉള്ള സർക്കാരുകളുടെ കാലഘട്ടങ്ങളിൽ പ്രസ്തുത ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ എത്ര പേർക്ക് എത്ര തുക വീതം അനുവദിച്ചിരുന്നു എന്നും വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി 4,02,939 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള സർക്കാരിന്റെ കാലഘട്ടത്തിൽ 12,93,127 പേർക്ക് 5715.92 കോടി രൂപയും 2011 മുതൽ 2016 വരെയുള്ള സർക്കാരിന്റെ കാലഘട്ടത്തിൽ 4,60,653 പേർക്ക് 808.78 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ